# EAM inaugurates the 15th CII-EXIM Bank Africa-India Conclave

September 22, 2020

---

## 15 മത് CII-EXIM ബാങ്ക് ആഫ്രിക്ക ഇന്ത്യ കോൺക്ലേവ് വിദേശകാര്യമന്ത്രി ഉദ്ഘാടനം ചെയ്തു.

സെപ്റ്റംബർ 22, 2020

2020 സെപ്തംബര് 22 ന് ഇന്ത്യ -ആഫ്രിക്ക പ്രോജക്ട് പങ്കാളിത്തത്തിൽ വിർച്വലായി നടത്തിയ 15 മത് CII-EXIM ബാങ്ക് ഡിജിറ്റൽ കോൺക്ലേവിൽ ഇന്ത്യയുടെ വിദേശകാര്യമന്ത്രിയായ ഡോ.എസ് ജയശങ്കർ ഉദ്ഘാടന പ്രഭാഷണം നടത്തി.

കോംഗോ ഡെമോക്രാറ്റിക് റിപ്പബ്ലിക് പ്രധാനമന്ത്രി ശ്രീ.സിൽവെസ്ട്രെ ഇലുങ്ക, മൗറീഷ്യസ് ഉപപ്രധാനമന്ത്രിയായ ഡോ. മുഹമ്മദ് അൻവർ ഹുസ്നൂ, കെനിയയുടെ വിദേശകാര്യ വകുപ്പ് ക്യാബിനറ്റ് സെക്രട്ടറി മിസ് റേച്ചൽ അവൂർ ഒമാമോ, നൈജീരിയ വ്യവസായ,വാണിജ്യ, നിക്ഷേപ വകുപ്പ് മന്ത്രി ഒട്ടുൻബാനി അഡെബായോ എന്നിവ ഉദ്ഘാടനത്തിലെ വിശിഷ്ട അതിഥികളായിരുന്നു.

ഇന്ത്യ ആഫ്രിക്ക ഇടപെടലുകളെക്കുറിച്ച് ഡോ.ജയശങ്കർ വിശദമായ അവലോകനം നൽകി. ഇന്ത്യയുടെ സ്വാതന്ത്ര്യ സമരം, ആഫ്രിക്കയുടെ കൊളോണിയലിസം വിവേചനം എന്നിവയ്ക്കെതിരെയുള്ള പോരാട്ടം എന്നിങ്ങനെ ആദ്യകാലം മുതൽ തന്നെ എങ്ങനെയാണ് ആഫ്രിക്കയോടുള്ള ഇന്ത്യയുടെ പ്രതിബദ്ധത എന്നതിന് അദ്ദേഹം രൂപരേഖ നൽകി. ഇത് നാല് പ്രധാനമായ നെടുതൂണുകളായി കണക്കാക്കാവുന്നതാണ്, വികസന പങ്കാളിത്തം, വ്യവസായവും നിക്ഷേപവും ,ദൃഢമായ വ്യക്തിഗത ബന്ധങ്ങൾ; ഇത് പ്രത്യേകിച്ചും യുവ ആഫ്രിക്കനുകൾക്കിടയിൽ വിദ്യാഭ്യാസവും വിഭവശേഷി വികസനവുമായി മാറി കൂടാതെ അടുത്തിടെയായി പ്രതിരോധവും നാവിക സുരക്ഷയും. മൊത്തം 11.6 മില്യൺ യു എസ് ഡോളർ ചിലവിൽ 37 ആഫ്രിക്കൻ രാജ്യങ്ങളിലായി 194 വികസന പ്രോജക്ടുകൾ ഇന്ത്യ പൂർത്തിയാക്കിയിരിക്കുന്നുവെന്നും 29 രാജ്യങ്ങളിലായി 77 അധിക പ്രോജക്ടുകൾ പൂർത്തിയാക്കുന്നതിനായി പരിശ്രമിക്കുന്നുവെന്നും അദ്ദേഹം നിരീക്ഷിച്ചു. പ്രോജക്ടുകൾ നിർമാണം നമുതൽ ICT വരെ, ഊർജോദ്പാദനം മുതൽ ജലസേചന-വിതരണങ്ങൾ വരെ, റയിൽവേ മുതൽ റോഡുകൾ വരെ , കൃഷി മുതൽ പഞ്ചസാര ഫാകറ്ററികൾ വരെ എന്നിങ്ങനെ വിവിധ മേഖലകളിൽ ഉള്ളതാണ്. ഇന്ത്യയുടെ ആഭ്യന്തരമായ വികസന പരീക്ഷണങ്ങളിൽ മികച്ചതാണ് ആഫ്രിക്കയ്ക്കായി നൽകുന്നത് കൂടാതെ പ്രാദേശികമായ സമൂഹത്തിൽ നിന്നും സ്വീകരിക്കുന്നതിനേക്കാൾ കൂടുതൽ അവരെ പ്രബുദ്ധരാക്കുന്നതിനാണ് ഈ പങ്കാളിത്തം ഉദ്ദേശിക്കുന്നതെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

ഇന്ത്യയുടെ ഡിജിറ്റൽ യാത്ര എങ്ങനെയാണ് വിദ്യാഭ്യാസം ,ആരോഗ്യ പരിചരണം കൂടാതെ ഇന്ത്യക്കാർക്കായുള്ള ക്ഷേമ ആനുകൂല്യങ്ങൾ എന്നിവയെ പാതിമടങ്ങായി

വർദ്ധിപ്പിച്ചതെന്നും അദ്ദേഹം പരാമർശിച്ചു, കൂടാതെ ഇത് ആഫ്രിക്കയിലും ഉപയോഗപരമാക്കുന്നു : ഇ- വിദ്യാഭാരതി, ഇ - ആരോഗ്യഭാരതി എന്നിവയിലൂടെ ഇന്ത്യയിലെ മുൻനിര വിദ്യാഭ്യാസ സ്ഥാപനങ്ങളും ആശുപത്രികളുടെ 16 ആഫ്രിക്കൻ രാജ്യങ്ങളെ ബന്ധിപ്പിച്ചിരിക്കുന്നു.ഇതിലൂടെ ടെലി-വിദ്യാഭ്യാസം, ടെലി-ചികിത്സാ എന്നിങ്ങനെയുള്ള സൗകര്യങ്ങൾ വാഗ്ദാനം ചെയ്യുകയും ചെയ്യുന്നു.

ഇന്ത്യൻ നിക്ഷേപങ്ങൾ എങ്ങനെയാണ് ആഫ്രിക്കൻ രാജ്യങ്ങളിൽ ഊർജം, ഖനനം, തുണിവ്യവസായം കൂടാതെ മറ്റു മേഖലകൾ എന്നിവയിൽ ജോലികളും അവസരങ്ങളും സൃഷ്ടിച്ചത് എന്നും വിദേശകാര്യമന്ത്രി വിശദീകരിച്ചു. മൊസാംബിക്കിലെ ഗ്യാസ് ഫീൽഡിലെ 7 ബില്യൺ യു എസ് ഡോളറിന്റെ നിക്ഷേപം, തെക്കൻ സുഡാൻ,ആഫ്രിക്കയുടെ വടക്ക്, പടിഞ്ഞാറ് ഭാഗങ്ങളിലെ ഊർജമേഖലകളിലെ നിക്ഷേപങ്ങൾ എന്നിവ അദ്ദേഹം പ്രത്യേകം പരാമർശിച്ചു. നിരവധി വിഷയങ്ങളിൽ ബിരുദപഠനത്തിനും ചെറിയ കാലയളവിലേക്കുള്ള കോഴ്സുകൾക്കുമായി ഇന്ത്യ ആയിരകണക്കിന് ആഫ്രിക്കൻ വിദ്യാർത്ഥികളെ സ്വാഗതം ചെയ്യുന്നുവെന്ന് അദ്ദേഹം പരാമർശിച്ചു; ആഫ്രിക്കയിൽ ഉള്ള ഇന്ത്യൻ വംശജരായ സമൂഹം, ആഫ്രിക്ക അവർക്കു നൽകുന്ന ആതിഥേയത്വത്തിനായി ആഫ്രിക്കൻ പ്രവിശ്യയിലെ മാനവവിഭവ ശേഷിയിലേക്ക് സംഭാവന ചെയ്യുകയും ചെയ്യുന്നു.

ആഫ്രിക്ക ഇന്ത്യ എന്നിവയ്ക്കിടയിലെ 21 ആം നൂറ്റാണ്ടിന്റെ പ്രധാനവസ്തുതയായി പ്രതിരോധവും സുരക്ഷയുമെന്നു അഭിപ്രായപെട്ടുകൊണ്ടാണ് അദ്ദേഹം ഉപസംഹരിച്ചത്: ഇന്ത്യ ആഫ്രിക്കൻ രാജ്യങ്ങളിൽ ഉദ്യോഗസ്ഥരെയും കമാൻഡ് കോളേജുകളും ക്രമീകരിക്കുന്നതിന് സഹായിച്ചു കൂടാതെ ആയിരകണക്കിന് ഉദ്യോഗസ്ഥരെയും ഐനികരെയും ഇന്ത്യൻ സേന കേന്ദ്രങ്ങൾ അഭ്യസിപ്പിക്കുകയും ചെയ്തിരുന്നു.ആഫ്രിക്കയുമായി ചേർന്നുള്ള ഇന്ത്യയുടെ സമാധാനപരിരക്ഷ പ്രവർത്തങ്ങൾ അഭിനന്ദനാർഹമായിരുന്നു കൂടാതെ ഇപ്പോൾ HADR മിഷൻ ഉൾപ്പടെയുള്ള നാവിക സുരക്ഷാ പുതിയതായി മുൻ നിരയിൽ എത്തിയിരിക്കുന്നു.

കോവിഡ് അനുബന്ധമായ മരുന്നുകളും ഡോക്റ്റർമാരുടെ സംഘത്തെയും നൽകിയ ഇന്ത്യയുടെ മഹാമനസ്കതയ്ക്ക് ആഫ്രിക്കൻ നേതാക്കൾ നന്ദി അറിയിച്ചു. തങ്ങളുടെ ഭരണ പ്രവിശ്യകളിൽ ഇന്ത്യയിൽ നിന്നുള്ള സഹായം വഴിയോ അല്ലെങ്കിൽ ഇന്ത്യ ഭരണകൂടത്തിൽ നിന്നും അനുവദിച്ച വായ്പകൾ വഴിയോ രൂപപ്പെടുത്തിയ പ്രോജക്ടുകളെക്കുറിച്ച് ചില മന്ത്രിമാർ വിശദീകരിച്ചു. തങ്ങളുടെ പൗരന്മാർക്കായുള്ള ഇന്ത്യയുടെ വിഭവശേഷി വികസന പ്രവർത്തങ്ങളെക്കുറിച്ചു അവർ ഊഷ്മളമായി സംസാരിച്ചു.

പകർച്ചവ്യാധിയുടെ പ്രതികൂല പ്രഭാവത്തെക്കുറിച്ചും അതെങ്ങനെയാണ് തങ്ങളുടെ രാജ്യത്തു ആദ്യമാസങ്ങളിൽ സാമ്പത്തിക മാന്ദ്യത്തിനു കാരണമായെതെന്നും ചില മന്ത്രിമാർ വിശദീകരിച്ചു. 2019 ലെ ആഫ്രിക്ക കോണ്ടിനെന്റൽ ഫ്രീ ട്രേയ്ഡ് എഗ്രിമെന്റ്(AfCFTA) പ്രാബല്യത്തിൽ വന്നതിലും വിപണിയുടെ വിപുലമായ വ്യവസായം, തൊഴിലവസരം, ഭൂഖണ്ഡ വ്യാപകമായ വിപണി ക്രമീകരിക്കുന്നതിലൂടെ മറ്റു രാജ്യങ്ങളിൽ നിന്നുള്ള നിക്ഷേപം എന്നിവ സംബന്ധിച്ച അവരുടെ ആഗ്രഹങ്ങളിൽ സംതൃപ്തി പ്രകടിപ്പിക്കുകയും ചെയ്തു. FTA നിലവിൽ വരുന്നതിനെ തന്റെ

പരാമർശത്തിൽ വിദേശകാര്യമന്ത്രി സ്വാഗതം ചെയ്തു കൂടാതെ 2019 ജൂലായിൽ നൈഗറിൽ വച്ച നടന്ന AU ഉച്ചകോടിയിൽ അതിന്റെ പ്രവർത്തനഘട്ടത്തിലേക്ക് കടന്നതും അദ്ദേഹം അനുസ്മരിച്ചു.ഇതിന്റെ നിരവധി യോഗങ്ങൾ നടന്നത് ഇന്ത്യൻ ഭരണകൂടത്തിന്റെ സഹായത്തിനു കീഴിൽ നിർമിക്കപ്പെട്ട ആർട് കൺവേഷൻ സെന്ററായ മഹാത്മാഗാന്ധി കൺവേഷൻ സെന്ററിലായിരുന്നു.

CII പ്രസിഡണ്ട് ആയ ശ്രീ. ഉദയ് കൊടക്, കോൺക്ലേവ് സംഘടിപ്പിച്ച ഇന്ത്യയിലെ EXIM ബാങ്ക് മാനേജിങ് ഡയറക്ടർ ആയ ഡേവിഡ് രസ്കിൻഹ എന്നിവരും ഉദ്ഘടന സെഷൻ അഭിസംബോധന ചെയ്തു. ആഫ്രിക്ക ഇന്ത്യ കോൺക്ലേവ് അടുത്ത രണ്ടു ദിവസത്തിനുള്ളിൽ അവസാനിക്കുന്നതാണ്, ഇതിൽ 25 മന്ത്രിമാർ യോഗം അഭിസംബോധന ചെയ്യും, ഇത് 15 വർഷത്തെ ചരിത്രത്തിൽ തന്നെ ഏറ്റവും കൂടുതൽ എണ്ണം മന്ത്രിമാർ പങ്കെടുക്കുന്ന കോൺക്ലേവ് ആണ്.

**ന്യൂ ഡൽഹി**
**സെപ്റ്റംബർ 22, 2020**

DISCLAIMER: This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.